## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2334** **11/10/2011-ൽ മറുപടിക്ക്**

**ബദൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ബദൽ സ്കൂളുകളിലെ അദ്ധ്യാപകർക്കും കരാർ പുതുക്കാത്ത കാരണത്താൽ വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | വിദ്യാഭ്യാസ അവകാശ (ആർ.ടി.ഇ) നിയമത്തിന്റെ പശ്ചാത്തലത്തിൽ 2011-12 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ കേന്ദ്ര സർക്കാർ ബദൽ സ്കൂളുകളുടെ പ്രവർത്തനത്തിനുള്ള അനുവാദവും ഫണ്ടും നൽകാതിരുന്നതിനാൽ ഇവയുടെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ ചെലവിൽ തുടർന്നുകൊണ്ടു പോകാൻ തീരുമാനിക്കുകയും അപ്രകാരം വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഈ സ്കൂളുകളുടെ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണവും മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം മുടങ്ങിയിട്ടില്ല. |
| സി) | എങ്കിൽ ഇപ്രകാരമുള്ള സാഹചര്യമുണ്ടാകാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ; | സി) | ബാധകമല്ല. |
| ഡി) | ബദൽ സ്കൂളുകളുടെ പ്രവർത്തനം പുനഃ സ്ഥാപിക്കുവാനും കുട്ടികളുടെ പഠനവും ഉച്ചഭക്ഷണവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ തുടരുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) | വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതോടെ 6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം നൽകാനായി സ്കൂളുകൾ ലഭ്യമല്ലാത്ത സ്ഥലത്ത് സ്കൂളുകൾ ആരംഭിക്കേണ്ടതും നിലവിൽ പ്രവർത്തിക്കുന്ന എല്ലാ ബദൽ സ്കൂളുകളെയും പ്രൈമറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യേണ്ടതുമാണ്.2010-11 അധ്യയന വർഷം ബദൽ സ്കൂളുകളെ പ്രൈമറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യാൻ എം.എച്ച്.ആർ.ഡി |

നിർദ്ദേശിച്ചിരുന്നു. തുടർന്ന് വാർഷിക പദ്ധതിയിൽ 3 മാസത്തേയ്ക്കുള്ള ഫണ്ട് മാത്രമാണ് അനുവദിച്ചത്.

2010 ജൂലൈ മുതൽ 2011 മാർച്ച് വരെ ഈ കേന്ദ്രങ്ങളുടെ തുടർ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ ഖജനാവിൽ നിന്നും തുക ചെലവഴിക്കുവാൻ തീരുമാനിക്കുകയും സ.ഉ.(എം.എസ്) 173/2011/പൊ.വി. തീയതി 11.08.2011 പ്രകാരം ബദൽ സ്കൂളുകളുടെ പ്രവർത്തനം 2011-12 അധ്യയന വർഷം തുടരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ